# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1356** | **03.10.2016-ൽ മറുപടിക്ക്**

### മതപരിവർത്തന കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) മുൻസർക്കാർ കാലയളവിൽ കാണാതായ/ അപ്രത്യക്ഷരായ സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ, സർക്കാർ ഉദ്യോഗസ്ഥർ/സ്വകാര്യ കമ്പനി ഉദ്യോഗസ്ഥർ എന്നിവർ എത്രയായിരുന്നുവെന്നും ഇവരിൽ മുൻസർക്കാർ കാലയളവിൽ കണ്ടെത്തിയവർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) വിശദാംശങ്ങൾ അനുബന്ധം 1 – ൽ ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ കാലയളവിൽ ഇത്തരം എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തു എന്നും ഇതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം 2 – ൽ ചേർത്തിരിക്കുന്നു. |
| (സി) മുൻസർക്കാർ കാലയളവിൽ എത്ര മതപരിവർത്തന കേസ്സുകൾ റിപ്പോർട്ട് ചെയ്തു; ഏതു മതങ്ങളിലേയ്ക്കായിരുന്നു പരിവർത്തനം എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) മുൻസർക്കാർ കാലയളവിൽ മതപരിവർത്തന കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) ഇങ്ങനെ കാണാതായവർ/അപ്രത്യക്ഷരായവർ എന്നിവരിൽ എത്ര പേർ വിവിധ വിദേശ ഭീകര സംഘടനകളിൽ എത്തിച്ചേർന്നു എന്ന് വിശദമാക്കുമോ; | (ഡി) കാസർഗോഡ് ജില്ലയിൽ സമാനമായ രീതിയിൽ കാണാതായവർ/അപ്രത്യക്ഷരായവർ എന്നിവരിൽ 17 പേർ വിവിധ വിദേശ ഭീകര സംഘടനകളിൽ എത്തിച്ചേർന്നതാണെന്നുള്ള അനുമാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) ഈ പ്രവണത തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഇ) ഐ.എസ്. ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും, നെറ്റ് |

മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. സർക്കാർ ഇതു സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ പോലീസിന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| | | സ്ത്രീകൾ | പുരുഷന്മാർ | കുട്ടികൾ | സർക്കാർ ഉദ്യോഗസ്ഥർ | സ്വകാര്യ കമ്പനി ഉദ്യോഗസ്ഥർ |
|---|---|---|---|---|---|---|
| മുൻസർക്കാരിന്റെ കാലയളവിൽ | കാണാതായവർ | 16395 | 7071 | 5725 | 33 | 98 |
| | കണ്ടെത്തിയവർ | 15848 | 5671 | 5558 | 25 | 90 |

## അനുബന്ധം - 2

| | | സ്ത്രീകൾ | പുരുഷന്മാർ | കുട്ടികൾ | സർക്കാർ ഉദ്യോഗസ്ഥർ | സ്വകാര്യ കമ്പനി ഉദ്യോഗസ്ഥർ |
|---|---|---|---|---|---|---|
| ഈ സർക്കാരിന്റെ കാലയളവിൽ | കാണാതായവർ | 1249 | 584 | 443 | 5 | 5 |
| | കണ്ടെത്തിയവർ | 1112 | 408 | 401 | 5 | 4 |
| സ്വീകരിച്ച നടപടികൾ | കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. | | | | | |

സെക്ഷൻ ഓഫീസർ